**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 118** **23-01-2025 - ൽ മറുപടിയ്ക്ക്**

**മങ്കട പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മങ്കട പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | മങ്കട പോലീസ് സ്റ്റേഷന് വേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് മങ്കട വില്ലേജിൽ കർക്കിടകം ദേശത്ത് സർവ്വേ നമ്പർ 48/1A-യിൽ ഉൾപ്പെട്ട റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3.8 ഏക്കർ സ്ഥലത്തു നിന്നും 50 സെന്റ് സ്ഥലം പോലീസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനായി മലപ്പുറം ജില്ലാ കളക്ടർക്ക് മലപ്പുറം ജില്ലാ പോലീസ് മേധാവി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള തടസ്സങ്ങളും ഇവ പരിഹരിയ്ക്കുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമി പോലീസ് വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത കെട്ടിടത്തിനായി അനുയോജ്യമായ സ്ഥലം അടിയന്തരമായി ഏറ്റെടുത്ത് നിർമ്മാണം ആരംഭിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | (ബി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ